**എം ജി ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലേ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്റ്റ്രേഷൻ ആരംഭിച്ചു.

ഓൺലൈൻ രജിസ്ട്രേഷൻെറ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവ്വഹിച്ചു. പ്രോ വൈസ് ചൻസലർ പ്രൊഫ. സി റ്റി അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, ഡോ. ബി കേരള വർമ, ഡൊ. എ ജോസ്, ശ്രീ. പി ഹരികൃഷ്ണൻ, ഡോ ഷാജിലാ ബീവി, ഡോ, വർഗീസ്, രജിസ്ട്രാർ ഇൻ ചാർജ്ജ് ശ്രീ ബാബു രാജ് വാരിയർ എന്നിവർ സന്നിഹിതരായിരുന്നു.

മാനേജുമെൻറ്, കമ്മ്യൂണിറ്റി വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷാ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കുകയും ടി അപേക്ഷാ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകേണ്ടതുമാണ്.. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്ത ആർക്കും തന്നെ മാനേജുമെൻറ്, കമ്മ്യൂണിറ്റി ക്വാട്ടാകളിലേക്ക് അപേക്ഷിക്കാൻ സാധിക്കുന്നതല്ല.

വികലാംഗ/സ്പോര്ട്സ്/കൾച്ചറൽ ക്വോട്ടാ വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് ഓൺലൈനായി അപേക്ഷിക്കണം. പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്നതും രേഖകളുടെ പരിശോധന സർവ്വകലാശാല കേന്ദ്രീകൃതമായി നടത്തുന്നതുമായിരിക്കും.

കോവിഡ് 19 വൈറസ് വ്യാപനത്തിൻെറ സാഹചര്യത്തിൽ പ്രവേശനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാവും നടത്തുക. ആയതിനാൽ അപേക്ഷകർ സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതായുണ്ട്. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 13/08/2021 ആണ്. അപേക്ഷിക്കുന്നതിനു അക്ഷയ കേന്ദ്രങ്ങളെ ആശ്രയിക്കുന്നവർ തിക്കും തിരക്കും ഒഴിവാക്കി സാമൂഹ്യ അകലം പാലിച്ചു കൊണ്ട് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലെ ക്ലാസ്സുകൾ 27/09/2021 നു ആരംഭിക്കും. രജിസ്ടേഷൻ ഫീസ് എസ്.സി/എസ്.ടി വിഭാഗത്തിന് 375 രൂപയും മറ്റുള്ളവർക്ക് 750 രൂപയുമാണ്. ഓൺലൈൻ രജിസ്ട്രേഷനായി cap.mgu.ac.in എന്ന വെബ്സൈറ്റ സന്ദർശിക്കുക. ക്യാപ് സംബന്ധമായ എല്ലാ വിശദ വിവരങ്ങളും cap.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.